"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പള്ളിക്കൽ പഞ്ചായത്ത് കുന്നത്ത്പറമ്പ് 13-ാം വാർഡ് ശ്രീ.കണ്ടപ്പൻ അലവി എന്നവരുടെ സ്ഥലത്ത് 20/11/2024 മുതൽ 20/12/2024 വരെ നടത്തി വരുന്ന അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിന് വിനോദനികുതി 50% ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2467/2024/LSGD തീയതി,തിരുവനന്തപുരം, 16-12-2024

---

പരാമർശം:-

1. KASC പെരുവള്ളൂർ - അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണമെന്റ് കമ്മിറ്റി കൺവീനറുടെ 10.10.2024 തീയതിയിലെ നിവേദനം

2. പള്ളിക്കൽ പഞ്ചായത്ത് ഭരണസമിതിയുടെ 22.10.2024 തീയതിയിലെ 2-ാം നമ്പർ തീരുമാനം

**ഉത്തരവ്**

20/11/2024 മുതൽ 20/12/2024 വരെ പള്ളിക്കൽ പഞ്ചായത്ത് കുന്നത്ത്പറമ്പ് 13-ാം വാർഡ് ശ്രീ.കണ്ടപ്പൻ അലവി എന്നവരുടെ സ്ഥലത്ത് അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തി വരികായണെന്നും പള്ളിക്കൽ പ്രദേശത്തെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, കാടപ്പടി പെയിൻ ആന്റ് പാലിയേറ്റീവിന് വേണ്ടി ധനശേഖരാണർത്ഥവുമാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം 1 പ്രകാരം ടൂർണമെന്റ് കമിറ്റി കൺവീനർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം പരിഗണിച്ച പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദനികുതി ഒഴിവാക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പള്ളിക്കൽ പ്രദേശത്തെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, കാടപ്പടി പെയിൻ ആന്റ് പാലിയേറ്റീവിന് വേണ്ടി ധനശേഖരാണർത്ഥവുമാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്ന കൺവീനറുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഈ വിഷയത്തിന്മേൽ പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

ഭരണസമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പള്ളിക്കൽ പഞ്ചായത്ത് കുന്നത്ത്പറമ്പ് 13-ാം വാർഡ് ശ്രീ.കണ്ടപ്പൻ അലവി എന്നവരുടെ സ്ഥലത്ത് വച്ച് 20/11/2024 മുതൽ 20/12/2024 വരെ നടത്തിവരുന്ന അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിന് സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഈടാക്കിവരുന്ന വിനോദനികുതി 50% ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് , മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Pradeesh M.
Date: 17-12-2024 11:09:44